compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 സെപ്റ്റംബർ 01
**Tuesday, 01st September 2026**

1202 ചിങ്ങം 16
**16th Chingam 1202**

1948 ഭാദ്രം 10
**10th Bhadra 1948**

വാല്യം 15
**Vol. XV**

നമ്പർ
**No.** **35**

## Part III

## Co-Operation Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കൊല്ലം ജില്ല സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം
(സാന്നിധ്യം: ശോഭന, ജെ.)

നമ്പർ JRGKLM/284/2026/എ.ഇ.എൽ. 2026 ജൂലൈ 27.

വിഷയം:—സഹകരണ വകുപ്പ്—സമാപ്തീകരണം—കുണ്ടറ അലിൻന്റ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4162—ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:—(1) ഈ കാര്യാലയത്തിലെ 30-11-2001-ലെ സി. ആർ. ബി. 4642/2001 നമ്പർ ഉത്തരവ്.

(2) ഈ കാര്യാലയത്തിലെ 29-1-2026-ലെ JRGKLM/284/2026/എ.ഇ.എൽ. നമ്പർ ഉത്തരവ്.

(3) സംഘത്തിന്റെ 21-2-2026-ലെ അന്തിമ പൊതുയോഗ തീരുമാനം.

(4) കൊല്ലം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 5-4-2026-ലെ ARGKLM/1901/2025-UI(3) നമ്പർ അപേക്ഷ.

(5) ലിക്വിഡേറ്ററുടെ 30-3-2026-ലെ ARGKLM/1901/2025-UI(3) നമ്പർ അപേക്ഷ.

കൊല്ലം ജില്ലയിലെ കൊല്ലം താലൂക്ക് ആസ്ഥാനമാക്കി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച കുണ്ടറ അലിൻന്റ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4162 സംഘത്തിന്റെ പ്രവർത്തനം പരാമർശം (1) പ്രകാരം സമാപ്തീകരിച്ചുകൊണ്ട് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ലിക്വിഡേറ്റർ ചാർജ്ജ് എടുത്ത് സമാപ്തീകരണ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. സമാപ്തീകരണ നടപടികളുടെ ഭാഗമായി ചട്ടം 69(2)-ന് വിധേയമായി ക്ലെയിം നോട്ടീസ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സംഘത്തിന്റെ ആസ്തി ബാദ്ധ്യതകൾ സംബന്ധിച്ച് ക്ലെയിം ഉന്നയിച്ച് കൊണ്ട് ആരും ലിക്വിഡേറ്ററെ സമീപിക്കുകയുണ്ടായില്ല.

ലിക്വിഡേഷൻ നടപടികളുടെ ഭാഗമായി പിരിച്ചെടുക്കാൻ കഴിയുന്ന ആസ്തികൾ പിരിച്ചെടുക്കുകയും കൊടുത്ത് തീർക്കാൻ സാധിക്കുന്നവ കൊടുത്ത് തീർക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ നടപടികളും സ്വീകരിച്ചിട്ടും ബാക്കി നിന്നിരുന്നതും എന്നാൽ യാതൊരു നിലയ്ക്കും ഈടാക്കാൻ കഴിയാത്തതുമായ ആസ്തികളും കൊടുത്ത് തീർക്കാൻ കഴിയാത്ത ബാധ്യതകളും യഥാക്രമം കുറവ് ചെയ്യുന്നതിനും എഴുതി തള്ളുന്നതിനും ലിക്വിഡേറ്റർ അപേക്ഷിക്കുകയും പ്രസ്തുത അപേക്ഷ കൊല്ലം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്തതിന്റെയും അടിസ്ഥാനത്തിൽ അവ യഥാക്രമം കുറവ് ചെയ്തും എഴുതി തള്ളിയും സൂചന (2) പ്രകാരം ഉത്തരവാകുകയും ചെയ്തു.

സംഘത്തിന്റെ എ.ഇ.എൽ. ആഡിറ്റ് എ.ഇ.എൽ. ആഡിറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. അന്തിമ പൊതുയോഗം ലിക്വിഡേറ്റർ വിളിച്ച് ചേർക്കുകയും സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് അന്തിമ പൊതുയോഗത്തിൽ പരാമർശം (3) പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ നിയമം വകുപ്പ് 73 (3)-ന് വിധേയമായ റിപ്പോർട്ട് സഹിതം ലിക്വിഡേറ്റർ പരാമർശം (5) പ്രകാരം അപേക്ഷ സമർപ്പിക്കുകയും, ടി അപേക്ഷ പരിശോധിച്ച് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് കൊല്ലം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) പരാമർശം (4) പ്രകാരം ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ചുവടെ പറയും പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

കുണ്ടറ അലിൻന്റ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4162 സംഘത്തിന്റെ സമാപ്തീകരണ നടപടികൾ ലിക്വിഡേറ്റർ പൂർത്തീകരിച്ചതിനാൽ ടി സംഘത്തിന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്ത് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ സംഘത്തിന്റെ റിക്കാർഡുകൾ 1969-ലെ കേരള സഹകരണ സംഘം നിയമം ചട്ടം 70 പ്രകാരം 3 വർഷം സുരക്ഷിതമായി സൂക്ഷിക്കേണ്ടതും ടി കാലാവധിക്കു ശേഷം ഈ ആഫീസിന്റെ അനുമതിക്ക് വിധേയമായി നശിപ്പിക്കാവുന്നതുമാണ്.

സഹകരണ സംഘം ജോയിന്റ്
രജിസ്ട്രാർ (ജനറൽ)-ടെ
കാര്യാലയം, കൊല്ലം.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.09.01 04:07:43 +05:30